കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ./പി - 8/418/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/06/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-26 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ./പി - 8/418/2021 തീയ്യതി: 29/06/2021

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2019 മുതൽ 31-05-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പി.കെ.വിജയലക്ഷ്മി	ഡെപ്യൂട്ടി ഡയറക്ടർ	17-06-2021	25-06-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-06-2021	25-06-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
മഹേഷ് കുമാർ കെ.ആർ,അസി.ഓഡിറ്റ് ഓഫീസർ
ലേഖ ജനാർദ്ദനൻ,സീനി.ഗ്രേഡ് ഓഡിറ്റർ
അശ്വതി വി. നായർ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
എൽസി ക്രിസ്റ്റഫർ	പ്രസിഡന്റ്	01-04-2019	31-03-2020
റ്റി.ജി.പ്രദീപ്	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഇ. ആർ. അപ്പുക്കുട്ടൻ	അസി. എഞ്ചിനീയർ	01-04-2019	31-03-2020
അഖില വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	14-05-2019

ഡയാന എസ്.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	15-05-2019	31-03-2020
ഡോ. സുജ ആർ	വെറ്ററനറി സർജൻ	01-04-2019	01-08-2019
ഡോ. അനിൽ. കെ	വെറ്ററനറി സർജൻ	02-08-2019	31-03-2020
പ്രേമ. എൽ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ഡോ. ജേക്കബ് ജോൺ	മെഡിക്കൽ ഓഫീസർ (പി. എച്ച്.സി)	01-04-2019	31-03-2020
ഡോ. മിനി എം.ആർ	മെഡിഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2019	31-03-2020
അജിതാ ദേവി.പി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020
ജയശ്രീ ഭാസ്കർ	കൃഷി ഓഫീസർ	01-04-2019	31-03-2020
ഡോ.ശ്രീദേവി.എൻ നമ്പൂതിരി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	13-03-2020
ഡോ മീരാ രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	14-03-2020	31-03-2020
ശ്രീലേഖ.പി	അസി.സെക്രട്ടറി	01-04-2019	31-03-2020

-

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു	1-11
12	ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിക്കുന്നില്ല	1-12
13	തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-13
14	ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല	1-14
15	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല	1-15

16	വി ഇ ഒ– ഫയൽ സൂക്ഷിപ്പിലെ അപാകതകൾ	1-16
17	നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ സാക്ഷ്യപത്രം	1-17
18	പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് - സംയുക്ത പരിശോധന നടത്തുന്നില്ല	1-18
19	ജാഗ്രതാസമിതി	1-19
20	കരാർ ചമയ്ക്കുന്നില്ല	1-20
21	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല	1-21
22	അംഗൻവാടി പോഷകാഹാര പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം, ബ്ലോക്ക് വിഹിതം എന്നിവ പൂർണ്ണമായി ചെലവഴിക്കുന്നില്ല.	1-22
23	തുകയുടെ ഒടുക്കു വിവരം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.	1-23
24	ഫൈനൽ ബില്ലുകളിൽ നിന്നും GST അടവാക്കാതെ കരാറുകാരനു അധിക തുക നൽകി.	1-24
25	റോഡ് കോൺക്രീറ്റിംഗിനു ഫോം വർക്കിനുള്ള തുക വകയിരുത്തുന്നതുമൂലം അധിക ചെലവ് ഉണ്ടാകുന്നു.	1-25
26	കുന്നേക്കാലിൽ കുടിവെള്ള പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ.	1-26
27	ആധുനിക വാതക ശ്മശാനം നിർമ്മിക്കുവാൻ ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 40 ലക്ഷം രൂപ തിരിച്ചടച്ചു.	1-27
28	തൊഴിലുറപ്പു പദ്ധതി ക്രമക്കേടുകൾ	1-28
ഭാഗം 2		

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	ചാർജ്/ സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

20-02-19തീയതിയിലെ 1 ാം നം തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25-02-20തീയതിയിലെ 1 ാം നം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കും തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	2058480	11047999	8989519	
വരവ്	106456684	32916025	-	73540659
ആകെ	108515164	43964024	-	64551140
ചെലവ്	104398734	38662455	-	65736279
നീക്കിയിരിപ്പ്	4116430	5301569	1185139	

ഇനം	ബജറ്റ്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം
വസ്തു നികുതി	5000000	3889875	-1110125
തൊഴിൽ നികുതി	1200000	916780	-283220
വാടക	300000	80862	-219138
ലൈസൻസ്	400000	220200	-179800
പെർമിറ്റ് ഫീസ്	300000	165613	-134387
ചെലവ്			
ഭരണ ചെലവുകൾ	2360000	1960769	-399231

ജീവനക്കാര്യത്തിലുള്ള ചെലവുകൾ	10011000	9600659	-410341
ഉല്പാദന മേഖല	6424534	2126790	-4297744
സേവന മേഖല	41609300	16122090	-25487210
പശ്ചാത്തല മേഖല	7114000	4490038	-2623962

ഗ്രാമപ്പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസുകളെക്കുറിച്ച് കൃത്യമായ നിരീക്ഷണം നടത്താതെയാണ് ബജറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ പ്രതീക്ഷിത വരവുകളും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ടാകുന്നു. യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>1-2 വാർഷികധനകാര്യപത്രിക</u>

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2020	22.05.2020	ബാധകമല്ല.	ബാധകമല്ല

1. ബാലൻസ് ഷീറ്റിലെ ബി3 ഷെഡ്യൂളിൽ മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷവും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ഉൾപ്പെടുത്തിയിട്ടുള്ളത്.
2. ബി-11 ഷെഡ്യൂളിൽ വാഹനത്തിനു തേയ്മാനച്ചെലവു നൽകിയിട്ടില്ല.
3. ഷെഡ്യൂൾ B-11(A) പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 183499 രൂപയാണ്. എന്നാൽ 2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പാർട്ട് ബിൽ നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

4.B-18 ഷെഡ്യൂളിൽ അഡ്വാൻസ് നൽകിയതിൽ കേരള വാട്ടർ അതോറിറ്റി ഹെഡ്ഡിൽ 257000 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ട് നമ്പർ 37/2020-₹413000, പ്രൊജക്ട് നമ്പർ

25/2020 - ₹200000 എന്നിവ പ്രകാരം ആകെ 613000 രൂപ KWA യിൽ നൽകിയിട്ടുണ്ട്.

5.ഷെഡ്യൂൾ I-1, RP-43, ബി-15 "വസ്തുനികുതി “ ,”സർവ്വീസ് സെസ്സ്” എന്നീ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ സഞ്ചയയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	11047999
വരവ്	32916025
ആകെ	43964024
ചെലവ്	38662455
നീക്കിയിരിപ്പ്	5301569

1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	കുറിപ്പ്
വികസനഫണ്ട് (ജനറൽ)	0	10878404	10878404	6168370	4710034	
വികസനഫണ്ട് (എസ്.സി.പി)	0	3834000	3834000	2124471	1709529	
വികസനഫണ്ട് (ട്രി.എസ്.പി)	0	76000	76000	0	76000	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC)	0	6295551	6295551	1950184	4342367	

ലോകബാങ്ക് സഹായം	0	0	0	0	0	
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	10221000	10221000	5301784	4919216	
മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം	0	3251000	3251000	2041772	1209228	
പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്)						
വിമുക്തി	42275	0	42275	4300	37975	
സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)						
ശുചിത്വ മിഷൻ	541280	84000	625280	84000	541280	
കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)						
എം.ജി.എൻ.ആർ.ജി.എസ്- കൂലിച്ചെലവ് (EFMS)	0	9582712	9582712	9582712	0	
എം.ജി.എൻ.ആർ.ജി.എസ്- ഭരണച്ചെലവ്	56399	589757	646156	92127	554029	
ഐ.സി.ഡി.എസ്.	336554	416806	753360	157046	596314	
മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ						
ആരോഗ്യ കേരളം അവാർഡ്	500000	0	500000	0	500000	
ടോട്ടൽ സാനിട്ടേഷൻ	1353997	0	1353997	865969	488028	
അഗതി രഹിത കേരളം	0	368435	368435	368435	0	
പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്	229572	0	229572	0	229572	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
193	52560132	110	21505823	27	56	57

ഗ്രാമപ്പഞ്ചായത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ ഉൽപ്പാദന മേഖലയിലുള്ള നിരവധി പ്രൊജക്ടുകൾ നടപ്പാക്കാതെ പോകുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ഏറെ വരുമാന ദായകമായ കോഴിയും കൂടും നൽകൽ പദ്ധതി എസ്.സി.പി (215/20) ആടുവളർത്തൽ പദ്ധതി എസ്.സി.പി (216/20), പശു വളർത്തൽ പദ്ധതി (217/20) കോഴിവളർത്തൽ പദ്ധതി (218/20) എന്നീ പദ്ധതികൾ വെറ്ററനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ചെങ്കിലും ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ നടപ്പാക്കാൻ സാധിച്ചില്ല. പദ്ധതി ആസൂത്രണം ചെയ്യുന്നതിലെ ദീർഘ വീക്ഷണമില്ലായ്മയാണ് ഇതിനു കാരണമാകുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാനും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി പ്രോജക്ടിൽ വികസന ഫണ്ട് 200000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 180000 രൂപയും വകയിരുത്തിയിരുന്നെങ്കിലും വികസന ഫണ്ട് മാത്രം വിനിയോഗിച്ച് 56ക്ഷീര കർഷകർക്ക് 6 മാസത്തെ (ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ) സബ്സിഡി മാത്രമാണ് നൽകിയിരിക്കുന്നത്. ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ തുടർന്നുള്ള മാസങ്ങളിലെ സബ്സിഡി വിതരണം നടത്തുന്നതിന് സാധിച്ചില്ല. സംയുക്ത പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ പങ്കാളിത്തം വഹിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള ഫണ്ട് വിഹിതം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി ആയത് സമാഹരിച്ച് പ്രൊജക്ട് പൂർത്തീകരണം നടത്തേണ്ടതുമാണ്.

ആധുനിക ശ്മശാനം നിർമ്മിക്കുന്നതിനുള്ള സ്ഥല സൗകര്യം പഞ്ചായത്തിൽ ഉണ്ടായിരിക്കുകയും മുൻ വർങ്ങളിൽ ആയതിനുള്ള ഫണ്ട് സ്ഥാപനത്തിന് ലഭ്യമാകുകയും ചെയ്തിട്ടും പദ്ധതി നടപ്പാക്കാനായിട്ടില്ല. ടി പ്രൊജക്ടിനായി ജില്ലാപ്പഞ്ചായത്തിൽ നിന്നും ലഭിച്ച 4000000 രൂപ 2019-20 ൽ സർക്കാരിലേക്ക് തിരികെ ഒടുക്കി.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	56399	589757	646156	92127	554029
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	9674751	9674751	9674751	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	5760	2
കർഷകതൊഴിലാളി പെൻഷൻ	154800	65
വിധവാപെൻഷൻ	1136400	480
വാർദ്ധക്യകാലപെൻഷൻ	2662500	1127
ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	280200	124

അവിവാഹിതകൾക്കുള്ള പെൻഷൻ	34800	15

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-21തീയതി 12.30പി.എം ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8926രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാന്ത്യ ക്ലോസിംങ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന വിവിധ തനതു വരവിനങ്ങളുടെ കൃത്യത ഓഡിറ്റിൽ വ്യക്തമായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പിരിവിനായി രസീത് ബുക്കു നൽകുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. 2020-21 വർഷം ഓഫീസ് പിരിവിനായി 01-04-2020 ൽ 54459 നം രസീത് ബുക്ക് നൽകിയിരുന്നെങ്കിലും 5 രസീതുകൾ മാത്രം ഉപയോഗിച്ച ശേഷം രസീത് ബുക്ക് പ്രത്യേക കാരണം രേഖപ്പെടുത്താതെ റദ്ദാക്കുകയും വീണ്ടും 08-10-2020 ൽ ഓഫീസ് പിരിവിനായി 54462 നമ്പർ രസീത് നൽകുകയും ചെയ്തിട്ടുണ്ട്. സമാന രീതിയിൽ നികുതി പിരിവ് ഉദ്യോഗസ്ഥന് 18-05-2020 ൽ നൽകിയ 54460 നമ്പർ രസീത് ബുക്ക് ഒരു രസീത് മാത്രം ഉപയോഗിച്ച ശേഷം റദ്ദ് ചെയ്ത് 16-11-2020 ൽ 54464 നംപർ രസീത് ബുക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തിര കാരണങ്ങൾ കൂടാതെ രസീതുബുക്ക് ക്യാൻസൽ ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ തനത് വരവിനങ്ങൾ ശുഷ്കമായതിനാൽ ചെലവിനങ്ങൾ കൃത്യമായി നിരീക്ഷിക്കപ്പെടേണ്ടതാണ്. പൊതു ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതായി കാണുന്നില്ല. ആവർത്തന ചെലവിലെ പ്രധാന ഇനമായ പൊതു ടാപ്പിന്റെ

വെള്ളക്കരം ഇനത്തിൽ 8000000 രൂപയിൽ അധികം തുക കുടിശിക ആയിരിക്കുന്നു. ആയതിന്റെ ഫൈൻ ഇനത്തിൽ പ്രതിമാസം 170000 രൂപയിൽ അധികം തുക ബാദ്ധ്യത ചേർക്കപ്പെടുന്നു. പഞ്ചായത്ത് പരിധിയിൽ ജല അതോറിട്ടി പുതുതായി സ്ഥാപിക്കുന്ന ടാപ്പുകളുടെ വിവരം പഞ്ചായത്തിൽ അറിയിക്കാതെ, ആയതിന്റെ വെള്ളക്കരം ഡിമാന്റ് ചെയ്യുന്ന അവസ്ഥ കാണുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, മുൻ വർഷങ്ങളിൽ കുടിശ്ശികയായ തുകയുടെ കൃത്യത തേടേണ്ടതും ഭീമമായ ബാദ്ധ്യതയിൽ നിന്നും ഇളവുകൾ നേടാനുള്ള ശ്രമങ്ങൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17-10-2019 മുതൽ 19-10-2019 വരെ	04/19 മുതൽ 09/19 വരെ	19/10/29
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17-02-2014 മുതൽ 03-03-2014 വരെ	2008-09 മുതൽ 2012-13 വരെ	24/04/14

1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, "ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100 ചതുരശ്രമീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയസോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ താഴെപ്പറയുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് -</u>

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 55 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 60 രൂപ

ക്രമ നം.	ഉടമസ്ഥന്റെ പേരും വിലാസവും	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന	കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന

				നികുതി നിരക്ക്	നികുതി നിരക്ക്
1	മാനുവൽ.പി.ഫിലിപ്പ് പറമ്പിൽ കുറിയന്നൂർ	5/254A	24	55	60
		5/254B	24		
	ആകെ		**48ച.മീ**		
	*ഇതേ ഉടമസ്ഥതയിലുള്ള 5/254C(23.66ച.മീ), 5/254D(82.68ച.മീ) എന്നീ വാണിജ്യകെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിൽ നികുതി ഈടാക്കിയിട്ടുണ്ട്. (ആകെ വിസ്തീർണ്ണം - 154.34ച.മീ)				
2	തോമസ് മാത്യു ചക്കുതറ	11/275A	47.8	55	60
		11/275B	37		

	മാരാമൺ				
		11/275C	11.25		
		11/275D	27.66		
		11/275E	35.43		
	ആകെ		**159.14 ച.മീ**		

ഇപ്രകാരം കെട്ടിടങ്ങൾക്ക് വസ്തുനികുതി കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12 / 21.06.2021) മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾക്ക് നികുതിയിൽ വന്ന കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി തറവിസ്തീർണ്ണത്തിന് ആനുപാതികമായി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

1-12 ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് സൂക്ഷിക്കുന്നില്ല

ടെണ്ടർ ഫോം വിൽപനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് പഞ്ചായത്തിൽ നിന്നും നൽകിയ 54461 നമ്പർ രസീത് ബുക്കിലെ രസീത് നമ്പർ 46/ 16.06.2020 (തുക – 2147) ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ ടി രസീതിന്റെ പകർപ്പ് അസ്സൽ രസീതിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തി ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/24.06.2021) പ്രസ്തുത കാലയളവിൽ സേവനത്തിലിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്ക് എൻക്വയറി കൈമാറിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കുന്ന മുറക്ക് ആയത്

ഹാജരാക്കിക്കൊള്ളാമെന്നുമുള്ള നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി തൃപ്തികരമല്ല. രസീതിന്റെ നിജസ്ഥിതി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നികുതിയിനം	സ്ഥാപനം	അർദ്ധവർഷം
സ്ഥാപന തൊഴിൽനികുതി	മാവേലി സ്റ്റോർ, തോണിപ്പുഴ	രണ്ടാം അർദ്ധവർഷം
ജീവനക്കാരുടെ തൊഴിൽനികുതി	ചരൽക്കുന്ന് ക്ഷീരസംഘം	രണ്ടാം അർദ്ധവർഷം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/21.06.2021) ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (ജനറൽ, S0027/19, അടങ്കൽ 425000 ചെലവ്-425000) ആകെ 26 കുട്ടികൾക്ക് (വികസനഫണ്ട് 150000, ബ്ളോക്ക് വിഹിതം 75000, ജില്ലാപ്പഞ്ചായത്ത് വിഹിതം 200000) രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 13വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 13വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 26850 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 6580 രൂപയുമാണ് (വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-15 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/21.06.2021) ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

റേഷൻകടകളിൽ നിന്നും എഫ്.റ്റി.ഇ.എ.ഒ.എസ്. ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വി ഇ ഒ– ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

വി ഇ ഓ നിർവ്വഹണം നടത്തിയ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ പലതും പൂർണ്ണമല്ല. ഗുണഭോക്താക്കളിൽ നിന്നും മുദ്രപ്പത്രം വാങ്ങി വെച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടില്ല. ഭവന പുനരുദ്ധാരണം പോലുള്ള പദ്ധതികളിൽ ആവശ്യമായ എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല. മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ സാക്ഷ്യപത്രം

ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനു വേണ്ടി വിവിധ നിർവ്വഹണഏജൻസികളിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പ്രൊജക്ട്	ഒടുക്കിയ തുക	ബിൽനം&തീയതി	നിർവ്വഹണഏജൻസി

1	എ.ബി.സി.പ്രോഗ്രാം	54600/-	14/19-20,27-8-19	കുടുംബശ്രീ ജില്ലാ മിഷൻ
2	എസ്.എസ്.എ വിഹിതം ഒടുക്കൽ	100000/-	5/19-20,18-7-2019	ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ
3	പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	413000/-	40/19-20,9-1-20, 257000/- 41/19-20,9-1-20 156000/-	കേരള ജല അതോറിറ്റി തിരുവല്ല
4	തെരുവ് വിളക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	16528/-	37/19-20,31-1-20	വൈദ്യുതി ബോർഡ് കുമ്പനാട്
5	കാർഷിക വിപണനകേന്ദ്രം വയറിംഗ്	74000/-	ചെക്ക് നം 0525089/30-1-20	അസി.എക്സി എഞ്ചിനീയർ, പി ഡബ്ലിയു.ഡി.ഇലക്ട്രിക്കൽ വിംഗ്
6	കൃഷി ഭവൻ റീവയറിംഗ് (177/20)	35000/-	ബിൽ നം, 43/19-20,30-1-20	അസി.എക്സി എഞ്ചിനീയർ, പി ഡബ്ലിയു.ഡി.ഇലക്ട്രിക്കൽ വിംഗ്

പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് - സംയുക്ത പരിശോധന നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2019-20വർഷം 1250380/-രൂപ ജലഅതോറിറ്റി,തിരുവല്ല ഓഫീസിൽ നിന്നുള്ള ഡിമാൻഡ് നോട്ടീസ് പ്രകാരം

ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എത്ര പൊതുടാപ്പുകളുണ്ടെന്ന കൃത്യ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.നവംബർ/2019വരെ 237ടാപ്പുകൾക്ക് പ്രതിമാസം 103688-രൂപ നിരക്കിലും തുടർന്ന് ഡിസംബർ,ജനുവരി മാസങ്ങളിൽ 239 ടാപ്പുകൾക്ക് പ്രതിമാസം 104563/--രൂപ നിരക്കിലും പിന്നീട് 242 ടാപ്പുകൾക്ക് പ്രതിമാസം 105875/--രൂപ നിരക്കിലും വെള്ളക്കരം ഒടുക്കിയിരിക്കുന്നു.നിലവിലുള്ള ടാപ്പുകൾക്ക് പുറമെ പുതിയ ടാപ്പുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ജലഅതോറിറ്റിയിൽ നിന്നും പഞ്ചായത്തിലേക്ക് അറിയിപ്പ് ലഭിച്ചിട്ടില്ല. മാത്രമല്ല ടാപ്പുകൾ സംബന്ധിച്ച് പഞ്ചായത്തിൽ രജിസ്റ്റർ പരിപാലിക്കുന്നുമില്ല. ജലഅതോറിറ്റി ഡിമാൻഡ് ചെയ്യുന്ന തുക ഒടുക്കുകയാണ് ചെയ്യുന്നത്.പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മാത്രം ചാർജ് ഓടുക്കുവാനും ആയത് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ജലഅതോറിറ്റി നൽകിയ ഡിമാൻഡ് നോട്ടീസ് പ്രകാരം 31-5-2021 പ്രാബല്യത്തിൽ 86,98,702/-രൂപ കുടിശ്ശികയുള്ളതായി വ്യക്തമാക്കിയിരിക്കുന്നു.തൻമാസം ഫൈൻ ഇനത്തിൽ 17,06,27 ഒടുക്കുവാനുള്ളതായി ചേർത്തിരിക്കുന്നു.ശുഷ്ക്കമായ തനത് വരുമാനമുള്ള പഞ്ചായത്തിന് മാസം തോറും ഗണ്യമായ തുകയുടെ ബാധ്യതയാണ് ഫൈൻ ഇനത്തിൽ ഉണ്ടാവുന്നത്.കുടിശ്ശിക തുകയുടെ ആധികാരികത വർഷ ക്രമത്തിൽ ലഭ്യമാക്കേണ്ടതും,ആയത് ഒടുക്കുവാൻ ശ്രമിക്കേണ്ടതും ഫൈൻ ഇനത്തിൽ ആവർത്തിച്ചു വരുന്ന ബാധ്യതയിൽ നിന്നും പഞ്ചായത്തിനെ മുക്തമാക്കേണ്ടതുമാണ്.ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-19 ജാഗ്രതാസമിതി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ

ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന ഫണ്ടിൽ നിന്നും 10000രൂപ (പ്രോജക്ട് നം-28/20) വകയിരുത്തിയ പദ്ധതിക്ക് വേണ്ടി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 2019 ജുലൈ മാസത്തിലാണ് ജാഗ്രതാസമിതിയുടെ ആദ്യ യോഗം ചേരുന്നത് (17-07-19) . 12 ഗ്രാമപ്പഞ്ചായത്തു തല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് ഒരു യോഗം മാത്രമെ നടന്നിട്ടുള്ളൂ. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം എസ് ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

1-20 കരാർ ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളിലൂടെ ഗവ.ആംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടർ/ ഇലക്ട്രിക് അനുബന്ധ ഉപകരണങ്ങൾ വാങ്ങുമ്പോൾ വിതരണസ്ഥാപനവുമായി കരാർ ചമയ്ക്കുന്നില്ല. ഏതൊരു വാങ്ങൽ പദ്ധതി നടപ്പാക്കുമ്പോഴും വില്പനാനന്തര സേവനം സംബന്ധിച്ച വ്യവസ്ഥകൾ അതിപ്രധാനമാണ്. വാങ്ങുന്ന ഉൽപ്പന്നത്തിന്റെ വാറന്റി,തുടർ സേവനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഏതൊരു നടപടിക്കും വിതരണസ്ഥാപനവുമായി ചമച്ചിട്ടുള്ള കരാർ അത്യാവശ്യമാണ്.എന്നാൽ പല പ്രധാന പദ്ധതികൾ നടപ്പാക്കിയപ്പോഴും കെൽട്രോൺ,ക്രൂസ് തുടങ്ങിയ സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല. 2019-20 വർഷം 425158/- രൂപക്ക് ക്രൂസിൽ നിന്നും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുകയും, 141000/-ചെലവഴിച്ച് ആയത് സ്ഥാപിക്കുകയും ചെയ്യിട്ടുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിച്ച് ഏതാനും നാളുകൾക്കുള്ളിൽതന്നെ ആയവ പ്രവർത്തനക്ഷമമല്ലാതാവുകയും, കേടായവ മാറ്റി പുതിയത് സ്ഥാപിക്കുന്നത് സംബന്ധിച്ച് ക്രൂസ് ജനറൽമാനേജർക്ക് കത്ത് നല്കുകയും ചെയ്യിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർനടപടികൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പട്ടുള്ള ഓഡിറ്റ് എൻകചയറിക്ക് (നമ്പർ 15) ക്രൂസിൽ നിന്നും 300 ബൾബുകൾ പകരം ലഭിക്കുകയും

ആയത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നു മറുപടി നൽകിയിട്ടുണ്ട്. സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ലാത്തതിനാൽ നിലവാരം കുറഞ്ഞ സാമഗ്രികൾ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെ കോടതി വ്യവഹാര നടപടികൾക്ക് തയ്യാറായാൽ പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുകയില്ല. വിവിധ ടെണ്ടർ, ക്വട്ടേഷൻ നടപടികളിലൂടെ പഞ്ചായത്തിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്ന പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ മതിയായ മുദ്രപ്പത്രത്തിൽ കരാർ ചമക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തുന്നില്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17നമ്പർ ഉത്തരവ് അനുസരിച്ച് അളക്കുന്ന പാലിന്റെ അളവിനെ ആസ്പദമാക്കി ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ സാധിച്ചില്ല. ജില്ലാപ്പഞ്ചായത്ത് 180000 രൂപ വകയിരുത്തിയെങ്കിലും തുക ലഭ്യമാക്കിയില്ല. ഒരു മാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 10000 രൂപയിൽ താഴെ മാത്രമാണ് സബ്സിഡി നൽകാൻ സാധിച്ചത്. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ആയതിനാൽ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാനും പരമാവധി കർഷകർക്ക് ആയത് പ്രയോജനപ്പെടുത്തുന്നതിനും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 അംഗൻവാടി പോഷകാഹാര പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം, ബ്ലോക്ക് വിഹിതം എന്നിവ പൂർണ്ണമായി ചെലവഴിക്കുന്നില്ല.

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2017-18വർഷം 517018 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2020-21 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം, ബ്ലോക്ക് വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം				ബ്ലോക്ക് വിഹിതം			
	പ്രാരംഭ ബാക്കി	ലഭിച്ചത്	ചെലവഴിച്ചത്	ബാലൻസ്	പ്രാരംഭ ബാക്കി	ലഭിച്ചത്	ചെലവഴിച്ചത്	ബാലൻസ്
2017-18	517018	94994	600000	12012	0	366000	366000	0
2018-19	12012	403838	79296	336554	0	988088	0	988088
2019-20	336554	416806	157046	596314	988088	175000	448925	714163
2020-21	596314	385445	450000	531759	714163	0	0	714163

31.3.21 വരെ പ്രസ്തുത ഇനത്തിൽ ആകെ 1245922 /- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-23 തുകയുടെ ഒടുക്കു വിവരം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

കാർഷിക വിപണന കേന്ദ്രം പുതിയ വയറിംഗ് പ്രൊജക്ട് (179/20)നടപ്പാക്കുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതം 74000 രൂപ കുമ്പനാട് സബ് ട്രഷറിയിൽ 21-05-2020ൽ 8443-00-108-PW Deposit എന്ന ശീർഷകത്തിൽ ഒടുക്കു വരുത്തി. എന്നാൽ പ്രസ്തുത തുക അക്കൗണ്ടിൽ വന്നിട്ടില്ലെന്ന് അസി എക്സി. എഞ്ചിനീയർ പി ഡബ്ളിയു ഡി ഇലക്ട്രിക്കൽ വിംഗ് പത്തനംതിട്ടയുടെ 28-05-2020 06-01-2020 തീയതികളിലെ 2019/4291 കത്തുകൾ പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.20) നിശ്ചിത ശീർഷകത്തിൽ തന്നെയാണ് ഒടുക്കിയതെന്ന് ട്രഷറിയിൽ നിന്നും

അറിയിച്ചിട്ടുണ്ടെന്ന മറുപടി ലഭിച്ചിരിക്കുന്നു. തുക പി ഡബ്ളിയു ഡി യുടെ അക്കൗണ്ടിൽ എത്തിയത് സംബന്ധിച്ച് പ്രൊജക്റ്റ് നിർവ്വഹണ ഓഫീസ് തലത്തിൽ സ്ഥിരീകരണം നടത്തേണ്ടതും പ്രൊജക്റ്റ് പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-24 ഫൈനൽ ബില്ലുകളിൽ നിന്നും GST അടവാക്കാതെ കരാറുകാരനു അധിക തുക നൽകി.

2019-20 ൽ അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന വർക്ക് ഫയലുകളിൽ ഫൈനൽ ബിൽ തുകയിൽ നിന്നം GST അടവാക്കാതെ കരാറുകാരനു അധിക തുക നൽകിയതായി കണ്ടു.

ക്രമ നമ്പർ	പ്രൊജക്റ്റ് നമ്പർ/ പേര്/ ഫണ്ട്/ എം ബുക്ക് നമ്പർ	കരാറുകാരന്റെ പേര് , പ്രവൃത്തിമൂല്യം+12%GST	ഈടാക്കേണ്ട നികതി CGST-1% SGST-1%	ബിൽ തുക, ബിൽ നമ്പർ /തീയതി
1	76/19-20, തൊള്ളായിരക്കുഴി ചേറ്റുതടം റോഡ് കോൺക്രീറ്റിംഗ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്. 13/2019-20	മോഹൻ കുമാർ ബി, ഇടയിൽ,കുറിയന്നൂർ പി.ഒ, 107622+12915	CGST-1076 SGST-1076	₹120537 39912/12.12.2019
2	115/19-20,തേൻമൂട്ടിൽപ്പടി കൊച്ചുമണ്ണിൽപ്പടി റോഡ് കോൺക്രീറ്റിംഗ്	ജെ.ചാണ്ടി, തുണ്ടുമണ്ണിൽ, വരയന്നൂർ പി.ഒ,പുല്ലാട്. 228022+27363	CGST-2280 SGST-2280	₹255385 39911/12.12.2019

	മെയിന്റനൻസ് ഗ്രാന്റ് റോഡ്. 12/19-20			
3	65/19-20,മാരാമൺ വള്ളപ്പുരക്കടവ് റോഡ് കോൺക്രീറ്റിംഗ് മെയിന്റനൻസ് ഗ്രാന്റ് റോഡ്.	രാജ് മോഹൻ എ.ജി, അമ്പലത്ത് വീട്, ഇടപ്പാവൂർ 169408+20329	CGST-1694 SGST-1694	₹189737 76896/30.01.2020
4	199/19-20,പഞ്ചായത്ത് ഓഫീസ് നവീകരണം വികസന ഫണ്ട്, ജനറൽ 19/19-20	റെനി കുര്യൻ, പാട്ടമ്പലത്ത് വീട്, തുരുത്തിക്കാട് 175333+21040	CGST-1753 SGST-1753	₹196373 09908/13.03.2020
5	95/19-20,ഹൈസ്കൂൾപ്പടി റോഡ് റീ കോൺക്രീറ്റിംഗ്. മെയിന്റനൻസ് ഗ്രാന്റ് റോഡ്. 15/19-20	രവികുമാർ എ.കെ, ചെറുവള്ളിത്തറ, വെണ്ണിക്കുളം. 199151+23898	CGST-1992 SGST-1992	₹223049 39395/12.12.2019

6	97/19-20, പള്ളിപ്പടി പുലിപ്രപ്പടി റോഡ് കോൺക്രീറ്റിംഗ്. മെയിന്റനൻസ് ഗ്രാന്റ് റോഡ്. 11/19-20	ജെ.ചാണ്ടി, തുണ്ടുമണ്ണിൽ, വരയന്നൂർ പി.ഒ,പുല്ലാട്. 178343+21401	CGST-1783 SGST-1783	₹199744 41784/12.12.2019
	ആകെ		**₹21156**	

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 37.11.2017 ലെ ഡി.ബി.3/9058/17/CE/തസ്വഭവ സർക്കുലർ പ്രകാരം പ്രവൃത്തിമൂല്യത്തോടൊപ്പം 12% GST കൂട്ടി നഷ്ടപരിഹാരം നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ലഭിച്ച തുകയിൽ നിന്നും 2% (CGST-1%,SGST-1%) ഈടാക്കേണ്ടിയിരുന്നത് മേൽ പ്രവൃത്തികളിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതിനാൽ GST ഇനത്തിൽ 21156 രൂപ കരാറുകാർക്ക് അധികം നൽകിയിട്ടുണ്ട്. മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/22.06.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ അധികമായി നൽകിയ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നികുതി അടവാക്കേണ്ടതാണ്.

1-25 റോഡ് കോൺക്രീറ്റിംഗിനു ഫോം വർക്കിനുള്ള തുക വകയിരുത്തുന്നതുമൂലം അധിക ചെലവ് ഉണ്ടാകുന്നു.

2019-20 ൽ അസിസ്റ്റന്റ് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന വർക്ക് ഫയലുകളിൽ റോഡ് കോൺക്രീറ്റിംഗിനു എസ്റ്റിമേറ്റിൽ ഒബ്സർവ്ഡ് ഡേറ്റ (Od 80571/2019-20)തയ്യാറാക്കിയപ്പോൾ ഫോം വർക്കിനു തുക വകയിരുത്തിയതായി കണ്ടു. എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയ മറ്റു ചില റോഡ് കോൺക്രീറ്റിംഗിൽ ഫോം വർക്കുകൾ ഒഴിവാക്കിയ ഒബ്സർവ്ഡ് ഡേറ്റയാണ് (Od152811/2019-20) എസ്റ്റിമേറ്റിൽ ഉപയോഗിച്ചിട്ടുള്ളത് .ഉദാഹരണത്തിന് പ്രൊജക്ട് നം 116/19-20, മല്ലപ്പള്ളിൽ റോഡ് റീകോൺക്രീറ്റിംഗ്. റോഡ്

കോൺക്രീറ്റിംഗിൽ ഫോം വർക്ക് ചെയ്യാറില്ല എന്നു ഭൗതിക പരിശോധനകളിൽ വ്യക്തമാണ്. എന്നിരിക്കെ എസ്റ്റിമേറ്റിൽ ഫോം വർക്കിനു അധിക നിരക്ക് നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/22.06.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

ഫോം വർക്ക് ഉൾപ്പെടുത്തിയ കോൺക്രീറ്റിംഗ് നിരക്ക്	ഫോം വർക്ക് ഇല്ലാത്ത കോൺക്രീറ്റിംഗ് നിരക്ക്	വ്യത്യാസം
7911.77/M3	7734.57/M3	177.2/M3

ക്രമ നമ്പർ	പ്രൊജക്റ്റ് നമ്പർ/ പേര്/ ഫണ്ട്/ എം ബുക്ക് നമ്പർ	ഫോം വർക്ക് ഉൾപ്പെടുത്തി നൽകിയ തുക	ഫോം വർക്ക് ഉൾപ്പെടുത്താതെ നൽകാവുന്ന നിരക്ക്	വ്യത്യാസം	ബിൽ തുക, ബിൽ നമ്പർ
1	112/19-20,തടിത്രപ്പാലം റോഡ് കോൺക്രീറ്റിംഗ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, 04/2019-20.	20.52M3*7911.77 =162350	20.52M3*7734.57 =158713	3637	₹184778 63589/31.10.2019
2	65/19-20,മാരാമൺ വള്ളപ്പുരക്കടവ് റോഡ് കോൺക്രീറ്റിംഗ്,	21.33M3*7911.77 =168758	21.33M3*7734.57 =164978	3780	₹189737 76896/30.01.2020

	മെയിന്റനൻസ് ഗ്രാന്റ് റോഡ്,				
3	68/19-20, വാരായിപ്പുറത്തൂട്ട് റോഡ് കോൺക്രീറ്റിംഗ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, 07/19-20	23.445M3*7911.77 =185491	23.445M3*7734.57 =181337	4154	₹208550 39331/12.12.2019
	ആകെ			**₹11571**	

ഒബ്സർവ്വഡ് ഡേറ്റ തയ്യാറാക്കിയതിൽ ഇപ്രകാരം അപാകത ഉൾപ്പെട്ടതിനാൽ ഈ വിഷയത്തിൽ ഭരണതലത്തിൽ തീരുമാനമെടുക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഈ വിഷയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്താനും ഓഡിറ്റിനു ഉചിതമായ മറുപടി ലഭ്യമാക്കുവാനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-26 കുന്നേക്കാലിൽ കുടിവെള്ള പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ.

2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുന്നേക്കാലിൽ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ വന്നതായി ഓഡിറ്റിൽ വ്യക്തമായി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/ പേര്	163/17-18,141/19-20,184/20-21കുന്നേക്കാലിൽ കുടിവെള്ള പദ്ധതി, വാർഡ്-5

ഫണ്ട്	ധനകാര്യ കമ്മീഷൻ അവാർഡ്- 800000
കരാറുകാരന്റെ പേര്	R പ്രകാശ് കുമാർ, രാമചന്ദ്രാലയം, കല്ലൂപ്പാറ.
ബിൽ തുക,ബിൽ നമ്പർ	291617 (ബിൽ നം-66835/29.03.2019) 283552 (ബിൽ നം-71318/20.01.2021) 78629 (ബിൽ നം-64110/16.03.2021) ആകെ- 653798
എം ബുക്ക് നമ്പർ	45/18-19

<u>പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1) പദ്ധതിയ്ക്കായി 2017-18 ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ടെണ്ടർ ക്ഷണിച്ചതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

2) ബിൽ തുക നൽകിയ കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകളോ വർക്ക് ഓർഡർ നൽകിയതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല.

3) എസ്റ്റിമേറ്റ് പ്രകാരം പമ്പിംഗ് ലൈൻ 250 മീറ്റർ ദൂരത്തിൽ 50mm GI പൈപ്പ് ഉപയോഗിച്ചു സ്ഥാപിക്കുന്നതിനും വിതരണ ലൈൻ 345 മീറ്റർ ദൂരത്തിൽ 32mm PVC പൈപ്പ് ഉപയോഗിച്ച് സ്ഥാപിക്കുന്നതിനുമായിരുന്നു തയ്യാറാക്കിയിരുന്നത്. എന്നാൽ എം ബുക്ക് പരിശോധിച്ചതിൽ നിന്നും (ഇനം-15) പമ്പിംഗ് ലൈൻ 396M സ്ഥാപിച്ചതിന് 1.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണത്തിനുള്ള പൈപ്പ് 345M നു പകരം 170M ൽ കനം കുറഞ്ഞ PVC പൈപ്പാണ് സ്ഥാപിച്ചത്

(അധിക ഇനം 2,25mm Dia). എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തിയതിനു അംഗീകാരം വാങ്ങിയതായി രേഖകളില്ല.

ഇനം	എസ്റ്റിമേറ്റ് പ്രകാരം	എം ബുക്ക് പ്രകാരം	ചെലവായ തുക
51.18.12.6 Providing And Fixing G.I Pipes External Work-50mm Nominal Dia	250	396M	396*412.54/M =163366
50.18.9.4.1 Providing And Fixing PVC Pipes Including Jointing Of Pipes 32mm Dia 10 Kg/Cm2	345	0	0
50.18.7.3.2 Providing And Fixing PVC Pipes Including Jointing Of Pipes 25mm Dia 10 Kg/Cm2	0	170M	170*234.26/M = 39824

4. ആദ്യ എസ്റ്റിമേറ്റിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള അളവുകൾ തയ്യാറാക്കിയിരുന്നു. എന്നാൽ പമ്പ് ഹൗസ് സ്ഥാപിച്ചിട്ടില്ലാത്തതായി എം ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

5. എം ബുക്ക് പ്രകാരം (ഇനം-14) 10000 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിച്ചതിന് 104500 രൂപ കരാറുകാരനു നൽകിയിട്ടുണ്ട്. 3 HP മോട്ടോർ സ്ഥാപിക്കുന്നതിന് (അധിക ഇനം-1) 51708 രൂപ നൽകിയതായും കാണുന്നു. ഇവ വാങ്ങിയതിന്റെ ബില്ലുകൾ കരാറുകാരനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. നിലവിൽ പമ്പ് ഹൗസ് നിർമ്മിക്കാതെ വാങ്ങിയ മോട്ടോർ എവിടെ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കിയിട്ടില്ല..വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റിൽ തുക

വകയിരുത്തിയിരുന്നില്ല. ഈ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും വൈദ്യുതീകരണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്നതിനും മേൽ വിവരിച്ച മറ്റ് അപാകതകൾക്കുള്ള മറുപടിയ്ക്കുമായി അസിസ്റ്റന്റ് എഞ്ചിനീയറോട് ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (നം.22/23.06.2021) മറുപടി ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച **₹653798 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ആവശ്യപ്പെട്ട രേഖകളും മറുപടിയും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 ആധുനിക വാതക ശ്മശാനം നിർമ്മിക്കുവാൻ ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ച 40 ലക്ഷം രൂപ തിരിച്ചടച്ചു.

2018-19 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ 4 ാം വാർഡിലുള്ള പൊന്മല എന്ന സ്ഥലത്ത് നിലവിലുള്ള ശ്മശാനത്തിൽ ആധുനിക വാതക ശ്മശാന കെട്ടിടം നിർമ്മിക്കുന്നതിനും ഫർണസ് നിർമ്മിക്കുന്നതിനുമായി രണ്ടു പദ്ധതികൾ തയ്യാറാക്കിയിരുന്നു. മേൽ പദ്ധതികൾക്കായി ജില്ലാപ്പഞ്ചായത്തിൽ നിന്നും ലഭിച്ച 40 ലക്ഷം രൂപ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ സൂക്ഷിച്ചു വരവേ 2019-20 ൽ ഈ തുക സംസ്ഥാന സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതായി കണ്ടു. 10.10.2019 ൽ നടന്ന ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 1(6) നമ്പർ തീരുമാനത്തെത്തുടർന്ന് പദ്ധതി നടപ്പാക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം/ പേര്	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ജില്ലാ പഞ്ചായത്ത് ഫണ്ട് തിരികെ അടച്ചത്	ചെലാൻ നമ്പർ/ തീയതി

184/18-19,ആധുനിക വാതക ശ്മശാന കെട്ടിട നിർമ്മാണം	വികസന ഫണ്ട്-400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-270000, ജില്ലാ പഞ്ചായത്ത് വിഹിതം-2200000 ആകെ-₹2870000	0	₹40,00,000	609520118/07.02.2020
185/18-19, ആധുനിക വാതക ശ്മശാന ഫർണസ് നിർമ്മാണം	കമ്മീഷൻ ഗ്രാന്റ്-200000 ജില്ലാ പഞ്ചായത്ത് വിഹിതം-1800000 ആകെ-₹2000000	0		

പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 40 ലക്ഷം രൂപ 20.03.2018 ൽ 450650109 എന്ന ഹെഡ്ഡിൽ വരവു ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് , ഫീസിബിലിറ്റി സ്റ്റഡി, ഫണ്ട് വിനിയോഗം എന്നിവ തയ്യാറാക്കിയിട്ടാണോ ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചതെന്നുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (24/24.06.2021) മറുപടിയായി ഇവ തയ്യാറാക്കിയിരുന്നു എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ഇവ 2018 ലെ മഹാപ്രളയത്തിൽ ഇതു സംബന്ധിച്ച രേഖകളെല്ലാം തിരിച്ചുകിട്ടാത്തവിധം നശിച്ചുപോയിട്ടുള്ളതായി സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു.

എന്നാൽ രേഖകൾ നശിച്ചുപോയി എന്നതുകൊണ്ട് പദ്ധതി നടപ്പാക്കാതിരുന്നത് ശരിയായ നടപടിയല്ല. പ്രളയത്തിനു ശേഷം 18 മാസത്തിനു ശേഷമാണ് 40 ലക്ഷം രൂപ തിരിച്ചടയ്ക്കാൻ തീരുമാനമുണ്ടായത്. ശ്മശാനത്തിനു ആവശ്യമായ സ്ഥലം ലഭ്യമായിരിക്കുകയും ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശം നിലിവിലുള്ളതുമായ സാഹചര്യത്തിൽ പദ്ധതി നടപ്പാക്കാതെ തുക തിരികെ അടവാക്കാൻ തീരുമാനിച്ചത് സംബന്ധിച്ച് ഭരണസമിതി തുടർ ചർച്ച നടത്തേണ്ടതാണ്. സർക്കാറിൽ നിന്നും തുക ലഭ്യമാക്കി പൊതുജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാകുന്ന പദ്ധതി ഏറ്റെടുക്കണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-28 തൊഴിലുറപ്പു പദ്ധതി ക്രമക്കേടുകൾ

ഗ്രാമപ്പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീമതി ഏലിയാമ്മ സൈമണെ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ 05-11-2020 ലെ C-5/3988/2020 നം നടപടിക്രമങ്ങൾ പ്രകാരം ജോലിയിൽ നിന്നും മാറ്റി നിർത്തി ഉത്തരവായിട്ടുള്ളതാണ്. പദ്ധതികൾ നടപ്പാക്കാതെ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക ചെലവഴിച്ചതു സംബന്ധിച്ച ക്രമക്കേടുകളാണ് ശ്രീമതി ഏലിയാമ്മ സൈമണിന്റെ പേരിൽ ഉന്നയിച്ചിരിക്കുന്നത്.

ഗുണഭോക്താവ്	പദ്ധതി	ചെലവഴിച്ച തുക	റിമാർക്ക്സ്
സാറാമ്മ സൈമൺ, കാവുങ്കൽ	ആട്ടിൻകൂട് നിർമ്മാണം	126219	യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല.
ലീലാമ്മ ചാക്കോ	കാലിത്തൊഴുത്ത് നിർമ്മാണം	19318	യാതൊരു നിർമ്മാണ

			പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല.
സൂസമ്മ ജോസഫ് ചെറുവള്ളിൽ	കാലിത്തൊഴുത്ത്നിർമ്മാണം	127879	യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല.

ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ ഓവർസീയർ ശ്രീമതി പ്രീത റ്റി.കെ യേയും ജോലിയിൽ നിന്നും മാറ്റി നിർത്തിയിട്ടുള്ളതാണ്. പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ കോയിപ്പുറം പോലീസ് സ്റ്റേഷനിൽ 06-12-2020 ൽ C-5/3988/2020 നം പ്രകാരം പരാതി നൽകിയിട്ടുണ്ട്. നിലവിൽ തൊഴിലുറപ്പു പദ്ധതിയിൽ ഒരു ഓവർസീയർ മാത്രമാണ് പഞ്ചായത്തിൽ സേവനത്തിലുള്ളത്. 2019-20 വർഷത്തേയും തുടർന്നുള്ള വർഷങ്ങളിലേയും തൊഴിലുറപ്പു പദ്ധതിയുടെ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ തൊഴിലുറപ്പു പദ്ധതിയുടെ വരവു ചെലവുകണക്കുകളുടെ കൃത്യത ഓഡിറ്റിൽ വ്യക്തമായിട്ടില്ല. ക്രമക്കേടുകൾ സംബന്ധിച്ച തുടർ അന്വേഷണങ്ങളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട	100000	പാലിയേറ്റീവ് കെയർ	89680	10320
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട	225238	ലൈഫ് ഭവനപദ്ധതി	225238	0
ജില്ലാ പഞ്ചായത്ത്	100000	അംഗൻവാടി അനുപൂരകപോഷകാഹാര	38281	61719

പത്തനംതിട്ട		പരിപാടി		
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000	0
ജില്ലാ പഞ്ചായത്ത് പത്തനംതിട്ട	84018	കാർഷിക വിപണനകേന്ദ്രം പുതിയ വയറിംഗ്	74000	10018
ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം	100000	വയോജനങ്ങൾക്ക് കട്ടിൽ	100000	0
ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം	42500	പച്ചക്കറികൃഷിക്ക് കൂലിചെലവ്	42500	0
ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം	563388	ലൈഫ് ഭവനപദ്ധതി	54762	0
ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം	75000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	75000	0
ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം	220000	ആര്യാട്ട് (മോഹൻദാസ്) - ഇല്ലത്തുപടി റോഡ് സംരക്ഷണഭിത്തി	219163	837

		നിർമ്മാണവും കോൺക്രീറ്റിംഗും		

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	38/20 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	16528	0	16528
കേരള വാട്ടർ അതോറിറ്റി	37/20 – പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	413000	0	413000
കേരള വാട്ടർ അതോറിറ്റി	25/20 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	200000	0	200000
പി.ഡബ്ല്യു.ഡി	കൃഷി ഓഫീസ് റീവയറിംഗ്	35000	0	35000
പി.ഡബ്ല്യു.ഡി	കാർഷിക വിപണനകേന്ദ്രം വയറിംഗ്	74000	0	74000

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2011-12	ലഘു അവലോകനം	2012-13	3.4.5	തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്	ഖണ്ഡിക നിലനിൽക്കുന്നു
2011-12	പ്രവർത്തന അവലോകന റിപ്പോർട്ട്	2012-13	2.4	ഫ്രണ്ട് ഓഫീസ്	ഖണ്ഡിക നിലനിൽക്കുന്നു

				പ്രവർത്തനം സംബന്ധിച്ച്	
2014-15	2-1	2016-17	2(1), 2(2), 2(3)	വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്	ഖണ്ഡിക നിലനിൽക്കുന്നു
2015-16	2-2	2016-17	2(2)	തൊഴിൽ നികുതി അപാകത	ഖണ്ഡിക നിലനിൽക്കുന്നു

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11900രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തീയതി
2016-17	3-2.	11900	വത്സല. ആർ മുൻ സെക്രട്ടറി	119080100504/ 24.05.2019

4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	43964024
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	38662455
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	653798

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
	ഇല്ല	ഇല്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	1090pxഉത്തരവാദിയായ ആളുടെ പേരും

		ഉദ്യോഗപ്പേരും
1-26	653798	ഇ.ആർ അപ്പുക്കുട്ടൻ, അസിസ്റ്റന്റ് എൻജിനീയർ

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	തുക
ഇല്ല	

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിര മേൽവിലാസവും.**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം	സ്ഥിരം വിലാസം
ഇ.ആർ അപ്പുക്കുട്ടൻ, അസിസ്റ്റന്റ് എൻജിനീയർ	അസിസ്റ്റന്റ് എൻജിനീയർ, തിരുവന്തപുരം കോർപ്പറേഷൻ, നേമം ഡിവിഷൻ.	വാലുപറമ്പിൽ,മലയം പിഓ, ചിറയിൽഭാഗം, തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	എൽ.എഫ്.പി.റ്റി.എ-പി7/260/09തീയതി 24.9.09/27.7.10	2
2006-07	എൽ.എഫ്.പി.റ്റി.എ-പി5/302/11തീയതി 3.6.11/13.9.12	4
2011-12 2012-13	എൽ.എഫ്.പി.റ്റി.എ.പി8/684/14തീയതി 19.11.14/12.1.15	3-11,3-12
2013-14	എൽ.എഫ്.പി.റ്റി.എ.പി8/325/15 തീയതി 17.6.15/16.7.15	3-3,3-4,3-6,3-7,3-8,3-14
2014-15	എൽ.എഫ്.പി.റ്റി.എ.പി8/733/16 തീയതി 8.7.16	2-1,2-2,2-3,3-1,3-3,3-7,3-8,3-9,3-10,3-12,3-14
2015-16	കെഎസ്എ.പിറ്റിഎ.പി8/1208/16 തീയതി 18.11.16	22
2016-17	കെഎസ്എ.പിറ്റിഎ.പി8/975/17 തീയതി 30.08.2017	25
2017-18	കെഎസ്എ.പിറ്റിഎ.പി8/84/19 തീയതി 08.02.2019	15
2018-19	കെഎസ്എ.പിറ്റിഎ.പി8/1007/2019 തീയതി 13.12.2019	13

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്